GHSS MALOTH KASBA

# വിരൽത്തുമ്പ്



j

## എഡിറ്റോറിയൽ

മഞ്ഞണിഞ്ഞ കുടകുമലമുകളിലൂടെ താഴവരയിൽ പ്രശാന്തസുന്ദരമായ ചൈത്രവാഹിനിപുഴയുടെ തീരത്ത്,ഏഴു പതിറ്റാണ്ടുകളായി ആയിരങ്ങളുടെ അക്ഷരദാഹം തീർത്ത് ,വിജ്ഞാനത്തിന്റെ പൊൻപ്രഭ വീശിക്കൊണ്ട് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ മാലോത്ത് കസ്ബ പഠനകാര്യങ്ങളിലും പഠനേതരകാര്യങ്ങളിലും മുഖമുദ്രയുന്നി നീങ്ങുകയാണ്. ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ വിരൽത്തുമ്പിലൂടെ ഒരു സാങ്കേതിക സൃഷ്ടി ജന്മമെടുത്തിരിക്കുകയാണ്. വിരൽത്തുമ്പ്  എന്ന് നാമകരണം ചെയ്തിരിക്കുന്നതിലൂടെ ആധുനികയുഗത്തിന്റെ കാൽവയ്പ്പുകൂടിയാണ് അടിസ്ഥാനം.ഈ ലോകം മുഴുവൻ വിരലിലൂടോടുന്ന കാലയവനികയിലൂടെയാണ് നാം കടന്നുപോകുന്നത്.അതിനാൽ ദൃശ്യരചനാ മികവിലൂടെയുള്ള കലാസൃഷ്ടികൾക്കാണ് ഇന്ന് നിലനിൽപ്പ്.അക്ഷരലോകത്തെ താളുകളിലൂടെ മാത്രം കടത്തിവിടുന്നതിനാൽ നാം അക്ഷരങ്ങളെ മനപ്പൂർവം ഇല്ലാതാക്കുന്നു.ഇത്തരമൊരു സാഹചര്യത്തിൽ കലാസൃഷ്ടികൾക്ക് ജീവൻ ഉണ്ടാകണമെങ്കിൽ സാങ്കേതിക സഹായം ലഭിച്ചേ തീരൂ. അതിനാൽ കസബതൻ കൈറ്റുകൂട്ടം അഭിമാനപുരസരം സമർപ്പിക്കുന്നു വിരൽത്തുമ്പ്.

ഓരോ താളുകളും മറിക്കുമ്പോൾ ഓരോ ആത്മാർപ്പണമാണെന്ന ഓർമ്മ ജന്മമെടുക്കട്ടെ.

**CHIEF EDITOR**

**LINOLD MATHEW**

# EDITORIAL BOARD

ANOOSH K JAMES
AMAL DEV A.M
JESNOW BIJU
AKSHAY M
ARAVIND P
ADHITYA SURESH
IRINE ROSE SAJI
EDWIN M VINOD
TINTO THOMAS
ALEN GEORGE
ABIN MATHEW
LINOLD MATHEW

# LOVE & CARE

GHSS MALOTH KASBA

Love is an emotion that we all yearn for. As some point, that we have to realize tat some people can stay in heart.
Right from the day we are born we care love. Little babies who just enter this world are unaware about what goes on around here. If there is one thing that they understand, it is love. They understand nothing else but love and care for it. They long be with their parents and grand parents as they can feel the love and warmth by their touch and behaviour. The hesitate and cry when a stranger picks them as the love quotient is lover or at times not there at all. The mother child relationship is said to be the strongest. The sole reason for it is love. There is a immence love involved. The mother loves the child selfless and later reciprocates this love. As we grow up. We make friends, are introduced to teachers, relatives, neighbours and many other people. What is it that draws or repels us from a person? It is his nature. A person with a kind and loving

nature is loved by all for instance a teachers who loving and supporting is loved by the students while one who is harsh is not liked by anyone. Similarly we
love those relatives who love us and trust as nicely. We look forward to meet them and feel happy in their company. Thus, love is the basic of every relationship. A place where people love each other and peaceful and beautiful. The world as against as but this love we have is enough to put this world beneath us.

SHANIYA SHAJI

# MY SCHOOL

I am a student of 9 A class of Government higher Secondary school, Maloth Kasba. It is a very good school. It is one of the most famous school of kasargod District. It is situated at a nice place between konnakad  and Malom city. It has so many classrooms. It has a big hall. There are about 1500 students in our school. They are divided into different classes and divisions. Every class has at least five division. In each have smart projectors and laptops for their own classrooms.

Our school has a very big library. There are thousands of book in it. The books about famous people who inspire us. We read them at home. We can also read books from library. Our school has a big playground. We play football, cricket, volleyball, kabadi and practice of athletics. Our school is rich by players who went state sports meet by kabadi, athletic etc...

Our school shows very good results in the Annual Examination of the School Board. Our teachers take great pains in teaching us. There are very good manner teachers. I am proud of my school. And it is an ideal school.

JESNOW BIJU
9 A.

# സ്വാതന്ത്ര്യം

GHSS MALOTH KASBA

അനേകം മഹാത്മാരുടെ
സ്നേഹത്തിന്റെ പ്രതീകമാണ്
ഈ സ്വാതന്ത്ര്യം
ഹിംസയിലൂടെ മാത്രമാണ്
നേടിയെടുത്തത്
ഇതിൽ അനേകം പേർ
ഇരയാവുകയും ചെയ്തു
നിഷ്കളങ്കമായ സ്വാതന്ത്ര്യം
ഇന്നത്തെ സമൂഹത്തിൽ
കാണാൻ കഴിയുന്നത്
സ്വാതന്ത്ര്യംപോലുമില്ലാത്ത
അവസ്ഥയാണ്
എത്രയോ പട്ടിണി പാവങ്ങളാണ്
എവിടെ നോക്കിയാലും കാണാൻ
കഴിയുന്നത്
എന്താണ് ഈ സമൂഹം ഇങ്ങനെയുള്ളത്?
എല്ലാവർക്കും സ്വാതന്ത്ര്യം ഒരു പോലെ
വിനിയോഗിക്കാൻ കഴിയുന്നത് കഴിയില്ല
ഇത് എപ്പോഴാണ് ഒന്ന് മാറുന്നത്

അഞ്ജന ബി ക

കുഞ്ഞുക്കുറിപ്പ്-

# വായനശീലം

# കുട്ടികളിൽ

വായന ശാലകൾ അറിവിന്റെ ഖനിയാണ്.

മഹാനായ കാർലൈൻ പറയുന്ന "നല്ല ഗ്രന്ഥശാല സർവകലാശാലയക്ക് തുല്യമാണ്",വടി എടുക്കുകയോ കണ്ണുരുട്ടി പേടിപ്പിക്കുകയോ ചെയ്യാത്ത അധ്യാപകരാണ് ഗ്രന്ഥങ്ങൾ. ഗ്രന്ഥങ്ങൾ നമ്മെ വഴിതെറ്റിക്കാത്ത, ചതിക്കാത്ത സുഹൃത്തുക്കളാണ്. കുഞ്ഞുണ്ണി മാഷ് പറഞ്ഞതുപോലെ വായിക്കാതെ വളർന്നാൽ വളയും വായിച്ച വളർന്നാൽ വിളയും എന്ന സമവാക്യം എന്നും ഓർത്ത് മുന്നേറാം.

മാഷൂട്ടൻ

# ENVIRONMENT

Good Morning to the excellencies, my respected teachers and my dear friends. The topic of my speech is environment. Environment is the surrounding in which we live. It is the source of life. Our whole life is dependent to the environment. Its directs our life and determines our proper growth and development. Good or bad quality of social life depends on the quality of our natural environment. The need of human beings for food, water, shelter and other things depends on the environment around us. There is a balanced natural cycle exists between environment and lives of human beings, plants and animal.

Human society is playing vital role in degenerating the natural environment which is turn negatively affects the lives on this planet. All the human action in this modern world directly impact the whole ecosystem. All the action have brought a big change in this planet which is resulted in many environment problems. Increasing demand of technological and industrious in the modern time impacts the nature. The increasing invention of new technologies has changed the interaction of people with environment which permits more population to grow.

The modern technologies have immense power which has altered the whole environment in an unimagined way. The indiscriminate use of environment is the root of ecological crises. Such continues increase in the technologies and human behaviour are correspondingly very serious. Such amazing technologies have become the reason of economic growth in $20^{th}$ century however it had dramatically affected the natural resources.

Some of the environmental problems are rapid growth in world population, deteriorating natural resources, diminishing forests and wetlands, erosion of soil and coral reefs, depleting underground water, regular shortage of fresh drinking water, vanishing plants, salinization in Africa, Asia, Latin America and middle East. Some other issues are loss of biodiversity, rapid extinction of some important animal species, collapse of fisheries, rises air and water pollution, rise in atmospheric temperature thinning of ozone layer, spoiling rivers, seas and underground resources. Even though science and technologies have radically

GHSS MALOTH KASBA

altered the terms of adaption to the nature, we still need to adapt to the environment. Human society is embedded in an environment. We must not forget that the human beings is the first foremost an animal, sharing living space with other animal species in the environment on which they are mutually dependent. It is our responsibility to save our environment and earth and make the possibility of healthy and happy life here.

Thank you.

JESNOW BIJU
9 A

GHSS MALOTH KASBA

# ആകാശകാഴ്ചകൾ

നോക്കു നോക്കു മാനത്ത്
ആയിരമായിരം നക്ഷത്രങ്ങൾ
വെട്ടിത്തിളങ്ങുന്നു

അടുത്ത്തന്നെ നിൽപ്പുണ്ട്
അമ്പിളിമാമനും
വാലുംനീട്ടി പോകുന്നുണ്ട്
വാൽനക്ഷത്രം
സുന്ദരമായൊരു വാനം കാണാൻ
എന്തുരസമാണിന്ന്.

AMEYA P.M

# കാലാവസ്ഥ വ്യതിയാനം

(weather climate)  എന്നും മലയാളത്തിൽ കാലാവസ്ഥ എന്ന തന്നെയാണ് പറയുന്നത് ഇവ രണ്ടും തമ്മിൽ

വ്യത്യസപ്പെട്ടിരിക്കുന്നു. ഒരു ഹ്രസ്വകാലത്തിലും ഭൗമാന്തരീക്ഷത്തിലും

അനുഭവപ്പെടുന്ന താപനില,മഴ,മഞ്ഞ്,കാറ്റ്

എന്നിവയൊക്കെയാണ് വെതർ (weather) സൂചിപ്പിക്കുന്നത്. എന്നാൽ ഒരു ദീർഘകാലത്തേക്ക്

പത്തോ ഇരുപതോ കൊല്ലത്തേക്ക്-ഒരു നിശ്ചിത-

പ്രദേശത്തെ ഭൗമോപരിതലത്തിലനുഭവപ്പെട്ടേക്കാ-വുന്ന പ്രാദേശിക ദൈനം ദിന കാലാവസ്ഥതയുടെ ശരാശരി സ്വഭാവത്തെയാണ് ക്ലൈമറ്റ്

എന്നുകൊണ്ടർത്ഥമാക്കുന്നത്. ഒന്നാമത്തേത് വളരെ ചെറിയ ഒരു കാലത്തേക്ക് ഒരു ഭ്രവിഭാഗത്തിലെ

അന്തരീക്ഷത്തിൻെറ അപ്പോഴുള്ള അവസ്ഥയും രണ്ടാമത്തെത്

ഒരു ദീർഘകാലത്തേക്ക് ഒരു വലിയ ഭ്രവിഭഗത്തിൽ നാം

പ്രതീക്ഷിക്കുന്ന ശരാശരി അന്തരീക്ഷാവസ്ഥയുമാണ് .പ്രാദേശിക കാലാവസ്ഥയുടെ അനുഭവം വെച്ച് ദീർഘകാലത്തേക്ക് നാം

പ്രതീക്ഷിക്കുന്ന കാലാവസ്ഥ യിലുണ്ടാകുന്ന ശരാശരി താപനിലയിലെ വ്യത്യാസത്തെ കാലാവസ്ഥാ വ്യതിയാനം

GHSS MALOTH KASBA

എന്നും വിളിക്കുന്നത്.ഇന്ന് നാം നേരിടുന്ന കാലാവസ്ഥ ആഗോളതാപനമാണ്. അതായത് ഭൗമോപരിതലത്തിലെ ശരാശരി വാരഷിക താപനില ഒരോ വർഷവും കൂടിക്കൊണ്ടേയിരിക്കുന്ന അവസ്ഥയ്ണത്. ഏതാനും ദശതങ്ങൾ നിളുന്ന കാലയളവിന്നുള്ളിൽ . ദൗമോപരിതലത്തിലനുഭവപ്പെടുന്ന ശരാശരി താപനിലയിൽ പ്രകടമായ വർദ്ധനവിനെയാണ് ആഗോളതാപനം എന്നതുകോണ്ട് അർഥമാക്കുന്നത്.

1800-കൾക്ക് ശേഷമാണ് ദൗമോന്തരിക്ഷത്തിലെ - വിൻെറ അളവ് ഗണ്യമായ രീതിയിൽ കൂടിത്തടങ്ങയത്. 1950 ആകുമ്പോഴക്കും അതിൻെറ വേഗം വർദ്ധിച്ചിരുന്നു. അതായത് 1800-ൽ 3 കോടി ടൺ $CO_2$ ആണ് പുറന്തള്ളപ്പെട്ടതെങ്കിൽ നൂറുവർഷത്തിനുശേഷം 1400-ൽ അത് 200 കോടി ടൺ ആകുകയും പിന്നെയിം നറു വർഷം പിന്നട്ടു കഴയുമ്പോഴേക്കും 2015-ൽ 300 കോടി ടൺ ആയി മറുകയും ചെയതു ചയുതു. ഇന്നത്തെ നമ്മുടെ വീണ്ടുവിചാരമില്ലത്ത പ്രവർത്തികൾ നടരുകയാണെക്കിൽ 2100 ആകുമ്പോഴേക്കും പ്രതിവർഷ ശരാശരി താവനില വർദ്ധനവ് 3 ഡിഗ്രി മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ ആയേക്കിം. ഭൗമാന്തരീക്ഷത്തിലെ

$CO_2$,ട്രൈസ് ഓകസൈഡ് മീഥേയ്ൻ, ജലബാഷ്പം എന്നിവയുടെ അളവിലുണ്ടാകുന്ന വരദ്ധനവാണ് ഈ പ്രതിഭാസത്തിനു കാരണം ഭൗമോന്തരിക്ഷത്താലേക്കിള്ള ഇത്തരം ഹരിതഗ്രഹ വാതകങ്ങളുടെ പുറന്തള്ളൽയിലേക്ക് ആഗിരണം ചെയ്യുന്ന

പ്രവർത്തനങ്ങൾക്ക് സാഹചര്യമൊരുക്കുകയു ചെയുകയാണെങ്കിൽ ആഗോള കാലാവസ്ഥാവ്യതിയാനത്തിൻെറ തോത് കുറയ്ക്കാൻ സാധിക്കും.അതുകൊണ്ടുതന്നെ ലോകരാഷ്ട്രങ്ങൾ ഒത്തു ചേർന്ന്ശരാശരി പ്രതിവർഷ ഭൗമോപരിതല ഊഷ്മാവ് വർദ്ധനവ് 2 ഡിഗ്രി സെൽഷ്യസിലും താഴെത്തന്നെ നിലനിർത്തുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്

-ജിംസൺ പോൾ

# മഴ

മഴ വരുന്നു മഴ വരുന്നു മലയിറങ്ങി മഴ വരുന്നു
കാറ്റു വീശി ഇടി മുഴക്കി മഴ വരുന്നു മഴ വരുന്നു.
ഉഗ്രരൂപിയായി നീ ആളുകളെ ഭയപ്പെടുത്തി,
ചെടികളും മരങ്ങളും നിന്നെ വരവേൽക്കുന്നു.

സന്തോഷത്താൽ കുട്ടികളെല്ലാം മഴയത്തിറങ്ങി കളിക്കുന്നു.
കിളികളെല്ലാം ചിലച്ചു കൊണ്ട് നിന്നെ വരവേൽക്കുന്നു.
അമ്മമാർ നിന്നെ കണ്ട് തുണികളെടുത്തു കൊണ്ടോടുന്നു.

കുളങ്ങളും പുഴകളും വെളത്താൽ കവിഞ്ഞൊഴുകുന്നു.
മത്സ്യങ്ങളും പുഴയകളും തുള്ളി ചാടികളിക്കുന്നു.
പുക്കളെല്ലാം മഴയത്താടി രസിക്കുന്നു.
എല്ലാവരും മഴയെ വരവേൽക്കന്നു.....

-മാഷൂട്ടൻ

# എന്റെ ജീവിതം

ദുനിയാവിൽ തിരുമുമ്പിൽ
ഞാൻ പിറന്നുവീണിട്ടെത്രകാലമായി
എന്നാലെവിടെയെൻ ജീവിതം
തങ്ങി നിന്നു?
എന്തെന്നറിയിയാതെ കരയുന്ന
കുട്ടിയായി നാലഞ്ചുവർഷം കാത്തിരുന്നു.
വിദ്യാലയത്തിൽ കവാടം തുറന്നിതാ
കാട്ടുന്നു ജീവിതനേർവഴികൾ
അറിവിന്റെ ഗന്ധവും
ചന്ദ്രന്റെ വർണവും
ഹാ! എന്റെ പുസ്തകതാളുകൾക്ക്,
പിന്നെയും കഴിഞ്ഞെത്രവർഷം
ഒരു സുഗന്ധം പരത്തുന്ന മാരുതിയായി,
സർവ്വരും കാണുന്നു,
സർവ്വരും കേൾക്കുന്നു,
മർത്ത്യന്റെ നിലവിളി അഭംഗുരമായി.
നിറയുന്നു സർവ്വവും ജലദേവനാൽ
അമ്മയെ നോവിച്ച മക്കളായി,
കഴിയുന്നു മക്കളാം നമ്മളെല്ലാം.
എൻ ജീവിതം തുടരുകയാണ്,
നേരിടാം ദൈവത്തിൻ പരീക്ഷണങ്ങൾ.....

-ആകാശ്.പി
9D

# പുഴയുടെ കഥ

ഞാൻ നിങ്ങളോട് എന്റെ കഥ പറയാം.
പുഴ എന്നാണ് എന്റെ പേര്. നദി,ആറ് എന്നെല്ലാം എനിക്ക പര്യായങ്ങൾ ഉണ്ട് .
മലയിലാണ് ഞാൻ ഉത്ഭവിക്കുന്നത്.
പലപല നാട്ടുകൾ കാണാനും അവിടെയുള്ള മനുഷ്യരുടെ സ്വഭാവവും ജീവിതരീതിയും മനസ്സിലാക്കാനും എനിക്ക സാധിക്കും.
പല മതത്തിൽ വിശ്വസിക്കുന്നവർ! പല ഭാഷ സംസാരിക്കുന്നവർ! പലതരം ഭക്ഷണം കഴിക്കുന്നവർ!
അങ്ങനെ ഓരോന്നും കണ്ടുകണ്ട് ഒഴുകാൻ എന്തു രസമാണ് !
മലയോരത്ത് മേഞ്ഞു നടക്കുന്ന ആട്ടുകളും പശുക്കളും എന്റെ കൂട്ടുകാരാണ്.വന്യമൃഗങ്ങൾ വെള്ളം കുടിക്കാൻ എത്തുന്നതും എന്റെ അടുത്താണ്.
മനുഷ്യർക്ക് ഞാൻ പല സേവനങ്ങളും ചെയ്യുന്നുണ്ട്.ഗ്രാമീണർ കുളിക്കാനും കുടിക്കാനും നനയ്ക്കാനും എന്റെ ജലം ഉപയോഗി-ക്കുന്നു.എന്നെ തടഞ്ഞുനിർത്തി വൈദ്യുതി എണ്ടാക്കാനും അ-വർക്കറിയാം.
എന്റെകൂടെ ഒരുപാടുപേർ താമസിക്കുന്നുണ്ട്.വലുതും ചെറുതു-മായ വീനുകൾ,തവളകൾ,എന്നിവയെല്ലാം പൊറ്റുന്നത് ഞാനാണ്.

പൂക്കാലം വന്നാൽ കാട്ടിലേയും താഴ്വരകളിലേയും വരങ്ങൾ എനിക്ക് പല തരത്തിലുള്ള പൂക്കൾ സമ്മാനിക്കും.പൂവും ചൂടി ഞാൻ ഒഴുകുമ്പോൾ എന്റെ തീരത്തെ മരത്തിൽ ഇരുന്ന കുഞ്ഞിക്കിളികൾ പാട്ടുപാടും.

മഴക്കാലമായാൽ എന്റെ ചന്തമെല്ലാം നഷ്ടപ്പെടും.
വെള്ളം പൊങ്ങിയാൽ ഞാൻ ഒറ്റ പാച്ചിലാണ്.അപ്പോൾ എന്റെ അടുത്തുവരുന്നവർക്ക് അപകടമുണ്ടാകും മരങ്ങളും മൃഗങ്ങളും മനുഷ്യരുമെല്ലാം ഒഴുകിപ്പോകും .ഒന്നും ഞാൻ അറിഞ്ഞുകൊണ്ടു ചെയ്യുന്നതല്ല കേട്ടോ.ഒഴുക്കിന്റെ ശക്തി പിടിച്ചുനിർത്താൻ എനിക്കു കഴിയില്ല.അതുകൊണ്ടാണ് എന്റെ അടുത്തുവരുന്നവടർക്ക് ആപത്തു-ണ്ടാകുന്നത്.
എങ്കിലും മനുഷ്യർക്ക് എന്നെ വലിയ ഇഷ്ടമാണ്.എന്നെപ്പറ്റി പാടാത്ത കവിയോ ഒഴുകിയൊഴുകി ഞാൻ കടലിൽ ചെന്നു ചേരുന്നു.

Aneena.

10 A

# ജീവൻ

കോഴീ കോഴീ

കൂട്ടിൽ കയറൂ.

കുറുനരി വരുന്നുണ്ടേ

കൂട്ടിൽ കയറൂ.

വാതിലടയ്ക്കൂ....

കുറുനരി വരുന്നുണ്ടേ....

കുറുനരി വന്നാൽ

നിന്നേ കൊല്ലും,കടിച്ച് പറിച്ച് തിന്നും.

വാതിലടയ്ക്കൂ.....

കുറുനരി വന്നാൽ ജീവൻ പോയീടും...

-ആൽഫ്രഡ് തോമസ്

6A

# ശേഷിപ്പുകൾ

തണുത്ത കാറ്റ് ഇലകളെ സൗമ്യമായി തലോടി ജനലഴിലൂടെ അകത്തേയ്ക്കു വന്നു.സുധ കണ്ണുകൾ അടച്ചു.വിങ്ങിപ്പൊട്ടിയ മനസ്സിൽ ആശ്വാസത്തിന്റെ കുളിർ-മ്മ അവൾ ആസ്വദിച്ചു.

സുധ കുട്ട്യേയേ................

അടുത്തേക്കു വരുന്ന പതചലനങ്ങൾ അവൾ ശ്രദ്ധിച്ചു.ആ ചലനങ്ങൾ അവൾക്കു പരിചിതമാണ്.എത്ര അകലങ്ങളിൽ നിന്നു വന്നാലും സാവിത്രിച്ചേച്ചിയുടെ സാനിദ്ധ്യം അവൾ തിരിച്ചറിയും.ഇവിടുത്തെ തന്റെ പ്രധാന കൂട്ട് അവരായിരുന്നല്ലോ..........ജീവിതത്തിന്റെ പരീക്ഷണങ്ങളിൽ എപ്പോഴോ മനസ്സിന്റെ താളം തെറ്റിയപ്പോൾ അവർ ഇവിടെ വന്നതാണ്.ഇന്നും ദുരനുഭവങ്ങളുടെ ചവർപ്പുകലർന്ന് അവർ ജീവിക്കുന്നു.

"എന്താ മോളെ ഇങ്ങനെ നിൽക്കുന്നത്???"

ഒന്നുമില്ല സാവിത്രിച്ചേച്ചി.........

"എന്നിക്കറിയാം നിന്റെ മൊഖം മാറിയാല് നിന്നെ ഞാൻ എത്ര നാളായി കാണാൻ തുടങ്ങിയിട്ട്."

" സാവിത്രിചേച്ചി ഞാൻ ഒരു കാര്യം പറയട്ടെ......

ദാ ഇപ്പോ നന്നായേ.......

നീ പറ മോളേ ല്ലാം എന്നോടല്ലെ പറയാറ്????"

"ഞാൻ ഇന്ന് പോകുവാണ് "

അത്.........ന്റെ അസുഖമെല്ലാം ഭേദമായി ഇനി നിനക്ക് തിരിച്ച് പോകാമെന്ന് ഡോക്ടർ പറഞ്ഞു.സാവിത്രിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് സുധ നിസ്സഹായതയോടെ നോക്കിനിന്നു.

സാവിത്രിചേച്ചി..........

"ഉം,പൊയ്ക്കോ....ഇനി എനിക്കാരാ ഉള്ളത്."

സാവിത്രിയുടെ ഇടമുറിയാതെ ചിമ്മിക്കൊണ്ടിരുന്നു.അവരുടെ ഭാവമാറ്റം സുധ കാണുന്നുണ്ടായിരുന്നു.അലമുറയിട്ട് നിലവിളിച്ചുകൊണ്ട് അവർ ആശുപത്രിവരാന്തയിലൂടെ ഓടി.

"ഇവരെ ആരാ പുറത്ത് വിട്ടത്

വേഗം ഡോക്ടറെ വിളിക്ക് "

സാവിത്രിയെ ആരെക്കയോ ചേർന്ന് ബലമായി പിടിച്ചുകൊണ്ട് പോകുന്നത് നിർവികാരതയോടെ സുധ

നോക്കിനിന്നു.അണപ്പൊട്ടിയ ദുഃഖം കടിച്ചമർത്തിക്കൊണ്ട് അവർ വരാന്തയിലൂടെ നടന്നു.

ഡോക്ടർ............

"അല്ല,ഇതാര് സുധയോ????

വരൂ,വരൂ......."

താൻ ഇന്ന് ഡിസ്ചാർജ്ജായി പോകുകയാണല്ലേ???.

അതെ ഡോക്ടർ പക്ഷേ.............

എന്തുപറ്റി?????

"എനിക്കറിയില്ല ഡോക്ടർ എനിക്ക് ഇവിടംവിട്ട് പോകാനാവില്ല.ഞാൻ പോയാലും ആരാണ് ഡോക്ടർ എന്നെ കാത്തിരിക്കുന്നത്"???.

"എന്താടോ താൻ ഇങ്ങനെ പറയുന്നത്,താൻ ആദ്യം ഇങ്ങോട്ടു വന്നത് ഭയത്തോടെയാണ് ഞാൻ ഓർക്കുന്നത്.അലറിവിളിച്ച്,കരഞ്ഞും ചിരിച്ചും താൻ........"

"ഇപ്പോൾ എന്റെ മുന്നിലിരിക്കുന്ന സുധ എത്ര മിടുക്കിയാണ്.റെയർ കേസുകളിൽ മാത്രമേ ഇത്തരത്തിലുള്ള റിക്കവറി സാധ്യമായിട്ടുള്ളു."

GHSS MALOTH KASBA

"അറിയാം ഡോക്ടർ.എന്നെ ഇങ്ങനെ ആക്കിയത് അയാളാണ്...... ആത്മാർഥമായ പ്രണയം നടിച്ച് കഞ്ചാവിനടിമയാക്കി....."സുധയുടെ തൊണ്ട ഇടറി.

"ല്ലാരും പൊയി ഡോക്ടർ"

"താൻ ഇനി അതൊന്നും ആലോചിക്കണ്ട.ഇത് തന്റെ പുതിയ ജീവിതമാണെന്ന് കരുതുക."

ഇല്ല ഡോക്ടർ,യഥാർഥ ജീവിതത്തെക്കാൾ എത്രയോ നല്ലതാണ് ഭ്രാന്തമായ ജീവിതം."അവിടെ സത്രീയെ കീറിമുറിക്കുന്ന കാപാലികൻമാർ ഇല്ലല്ലോ......

കാപട്യങ്ങളില്ലല്ലോ............എവിടെയും

കെണിപതിയിരിക്കുന്ന ചതിക്കുഴികൾ ഇല്ലല്ലോ.........

"സുധേ താനിങ്ങനെ സില്ലിയാവല്ലെ,വൈകാരീകമായി

നമ്മൾ ഒന്നിനേയും കാണരുത്.പുതിയതായി കിട്ടിയ

ജീവിതം ആസ്വദിക്കൂ......"

"അല്ല ഡോക്ടർ എന്നെ സ്നേഹിക്കുന്ന

സാന്ത്വനമാകുന്ന ഇവരെ വിട്ട് ഞാൻ....ഞാൻ എങ്ങനെ

പോകും."

"എങ്ങോട്ടാണ് ഞാൻ പോകേണ്ടത്????"

അവഗണനയും അവഹേളനവും ചുമലിലേറ്റി മനസ്സിന്റെ

താളംതെറ്റി ഞാൻ ഇവിടെ വന്നപ്പോൾ ആരെക്കെയോ

ആയി കൂടെ നിന്നവർ ഇവരാണ്."

"എടോ....... ഇവിടെ എത്രയോ പേഷ്യൻസ് വരുന്നു,

ഭേതമാകുമ്പോൾ പുതിയ പ്രതീക്ഷകളോടെ അവർ മറ്റൊരു

ജീവിതത്തിലേയ്ക്ക് കടക്കുന്നു."

സുധ സ്വരുക്കൂട്ടിയ ആത്മവിശ്വാസത്തോടെ പറഞ്ഞു:ശരി

ഡോക്ടർ ഞാൻ ഇറങ്ങുകയാണ്.

അവർ വരാന്തയിലൂടെ നടന്നു.അവിടുത്തെ ചുമരുകളും ജനലഴികളും അവളോട് എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു.അവ്യക്തമെങ്കിലും അവ സ്നേഹത്തിന്റെ ശബ്ദങ്ങളായി അവൾക്കു തോന്നി.

"ഇന്നാണല്ലേ ഞാൻ പോകുന്നത് "

ഒരു നടുക്കത്തോടെ സുധ ഓർമ്മകളിൽ നിന്ന് ഉണർന്നു.

ശാരദചേച്ചിയോ??????"

"ഉം,എന്താ കുട്ടി മുഖം വലാണ്ട് ഇരിക്കുന്നത്".അവരുടെ മൃദുലമായകൈകൾ സുധയുടെ കവിളിൽ തലോടിയപ്പോൾ അവൾ കണ്ണുകളടച്ചു."

"എനിക്കറിയാം നിനക്ക് വിഷമമുണ്ടാകുമെന്ന്.എത്രയോ രോഗികളെ ഞാൻ കണ്ടിട്ടുണ്ട് അവരോടൊന്നും തോന്നാത്ത ഒരു സ്നേഹം എനിക്ക് നിന്നോട് തോന്ന്ന്നു"

മനസ്സിൽ തങ്ങിനിന്ന സങ്കടങ്ങൾ അണപ്പൊട്ടാതെ പോകാൻ സുധ ശ്രദ്ധിച്ചു.

" ചേച്ചി.......,ആയിഷാമ്മയും കല്യാണിചേച്ചിയും ഞാൻ പേന്നത് അറിഞ്ഞിട്ടില്ല.അവരുടെ മുമ്പിൽ പോയി നിൽക്കാൻ എനിക്ക് പറ്റില്ല.ഞാൻ പോയി കഴിഞ്ഞ് ചേച്ചി പറഞ്ഞാൽ മതി".സുധയുടെ ചുണ്ടുകൾ ഇടറി.കടിച്ചമർ-ത്തിയ സങ്കടകടൽ അണപൊട്ടി ഒഴുകി.ശാരദ അവളെ നെഞ്ചോട് ചേർത്ത് പിടിച്ച് വിങ്ങി.


അവൾ കണ്ണുകൾ ഇടച്ചു.കണ്ണുനീരിൽ എല്ലാ ഒഴുക്കുകളും അലിഞ്ഞില്ലാതായപാപോലെ സുധയ്ക്കു തോന്നി.


അവൾ,ആ വലിയ ആശുപത്രിയുടെ പടികൾ ഇറങ്ങിആരോടും മിണ്ടാതെ,ഒന്നും പറയാതെ അവശേഷിച്ച ജീവിതം ജീവിച്ചു തീർക്കാൻ.


*************

-ശിവപ്രിയ











AMAL DEV A.M






@DLONIL_WEHTAM.







## ഇഴയുന്നവ







## പറക്കുന്നവ







## നീന്തുന്നവ







## നടക്കുന്നവ





















# THE REALM OF COLOURS







I know what

Love is







because of You

Nov.11,2019 YouCam


By
Archana. K.
Rajan
VIII C
You are my
art works
YouCam Nov.11,2019

GHSS MALOTH KASBA







# കൈയ്യൊപ്പ്

മാഷൂട്ടൻ

Nov.11,2019


#Fitspiration
Nov.11,2019
YouCam






Nov.11,2019






Nov.11,2019






Nov.11,2019

# ***The story of the river***

GHSS MALOTH KASBA

**Once upon a time a river flows throw the bending of the land of mercy. She was flowing like the queen of the nature. She was flowing at the bend of land. Once she went across the desert. She didn't able to across. The plants drunk her water as she pushed across the desert. A wind passes through. The wind asked "I will take you across the river but you should become vapour" said wind. River said "no, no" said sadly. The wind blew across the desert. Things about the wind told. The wind came again across the river. River told "I would come. You should not harm me" said as request. Wind said "no i won't harm you" the river becomes like a cloud and cross the desert. And she rains as the drops of heavens. She resumes her flowing like a queen.**

**In life we should give up some time  then only we would get some thing in our life of heavens**

**TINTO THOMAS**

GHSS MALOTH KASBA

# അയാളുടെ കഥ ഇവിടെ തീരുകയാണ്



കടൽത്തീരത്ത് ബെഞ്ചിൽ അയാൾ വെറുതെ തലകുനിച്ചിരിക്കുകയായിരുന്നു. സൂര്യൻ അയാളുടെ തലയ്ക്കുമീതെ കത്തിജ്വലിക്കുന്നുണ്ടായിരുന്നു."ഇനിയും എത്ര നേരം........"അയാൾ സ്വയം ചോദിച്ചു. ചുറ്റുമുള്ളവരാരും അയാളെ ശ്രദ്ധിക്കുന്നില്ലീയിരുന്നു. അയാൾ വാച്ചിൽ സമയം നോക്കി.ശക്തമായ കടൽക്കാറ്റേറ്റ് അയാളുടെ മുടി പാറിപ്പറക്കുന്നുണ്ടായിരുന്നു.വരണ്ട കൈകളാൽ അയാൾ തന്റെ മുടി കോതിയൊതിക്കി. അലസമായി ചുറ്റും നോക്കി.എല്ലാവരും സന്തോഷത്തോടെ മണലിൽ ഓടിയും ചാടിയും നടക്കുന്നു.പതിയെ അയാൾ എണിറ്റ് തന്റെ ബൈക്കിനടുത്തേക്ക് നടന്നു.തന്റെ ബൈക്കിനെ പതിയെ തഴുകി.

"ഞാൻ വരാൻ ലേറ്റായോ "

"ഓ.........ഇല്ലന്നെ......  "
"വീട്ടിൽ നിന്ന് ഇറങ്ങിയപ്പോൾ മോൻ പറഞ്ഞു വരുമ്പോൾ ബിരിയാണി വാങ്ങണംന്ന്.അത് തപ്പി പോയതാ....."
"ആ "
"ദാ പൈസ " ആഗതൻ അയാൾക്ക്ഒരു പൊതിക്കെട്ട് കൈമാറി.അയാൾ ആ പൊതിക്കെട്ട് വാങ്ങി.അയാളുടെ കണ്ണുകൾ വിടർന്നു.ഒരു നിമിഷത്തേക്ക് അയാൾ തന്റെ ബൈക്കിന്റെ കീ ആഗതനു കൈമാറി.ആഗതൻ ആ ബൈക്ക് എടുത്ത് യാത്രയായി.........

തന്റെ ശരീരത്തിലെ  ഒരു ഭാഗം അടർന്നു പോയ പോലെ അയാൾക്ക് തോന്നി. തന്റെ 25-ാം പിറന്നാളിന് അച്ചൻ സമ്മാനിച്ചതാണ് ആ ബൈക്ക്. ആ ബൈക്കിനോ അവനോ അറിയില്ല എത്രയോ ദൂരം താണ്ടിയെന്ന്....അതിലൊരു യാത്രയില്ലേ.... താൻ അമ്മുവിനെ കണ്ടെത്തിയത്. ആ ചുറ്റമ്പലം, പുഴയുടെ തീരം, അവളെ ചെന്ന് പ്രേമാഭ്യർത്ഥന നടത്തിയത്....എല്ലാം......
അയാൾപെട്ടന്ന് തന്റെ ചിന്തയിൽ നിന്നുണർന്നു.
"എന്റെ പൊന്നു ചേട്ടാ ആ വഴിയൊന്ന് മാറ്."
"ഓ സോറി ട്ടോ......"

അയാൾ അരികിലേക്ക് മാറി. കാറോടിച്ചയാൾ എന്തോ പിറുപിറുത്തു.അയാൾ വീണ്ടും തന്റെ വാച്ച് നോക്കി സമയം

GHSS MALOTH KASBA

2.45.അയാൾ ബസ്റ്റാന്റിലേക്ക് ആ പൊതിക്കെട്ട് പിടിച്ചു നടന്നു.നടക്കുമ്പോഴും അയാളുടെ ചിന്ത മറ്റെങ്ങോ ആയിരുന്നു. ഒരു ബൈക്ക് യാത്രക്കാരൻ അയാളുടെ അടുത്ത് വന്ന് നിർത്തി.

"ആ സുരേഷേട്ടാ...... "

"അല്ല ഇതാര് രമേശോ?" അയാൾ തുടർന്നു"എങ്ങോട്ടാ"

"ഞാൻ ഈ ടൗൺ വരെ. സുരേഷേട്ടനോ."

"ഞാൻ ആശുപത്രിയിലേക്കാ.. "

"എന്നാ കേറ്. "അയാൾ ആ വണ്ടിയിൽ കയറി. അവർ യാത്ര തുടർന്നു.ആ പൊതിക്കെട്ട് തന്റെ കയ്യിലുണ്ട് എന്ന് അയാൾ ഉറപ്പു വരുത്തി.ആശുപത്രിക്ക് മുന്നിലായ് രമേശ് ബൈക്ക് നിർത്തി.

"ശരി"

"ഓക്കെ "

സുരേഷ് തന്റെ വാച്ചിലേക്ക് നോക്കി.സമയം 3 മണി. തന്റെ കർത്തവ്യത്തിലെ ഒരു വലിയ കടമ്പ താണ്ടിയതായ് അയാൾക്കു തോന്നി. അയാൾ മുന്നോട്ട് നടക്കാൻ തുനിഞ്ഞു.പക്ഷെ തന്റെ കാലുകൾ അനങ്ങുന്നില്ല.തനിക്കിതെന്ത് പറ്റി എന്ന് വിചാരിച്ച അയാൾ ധൈര്യം വീണ്ടെടുത്ത് മുന്നോട്ട് നടന്നു.ആശുപത്രിയുടെ ഗേറ്റിനടുത്ത് നിന്ന സെക്യൂരിറ്റി

മമ്മദ് കുശലം ചോദിച്ചു.

"അള്ളോ ഇതാര് മ്മടെ സുരേഷോ? കുറെയായല്ലോ കണ്ടിട്ട്.
അനക്കിപ്പം പണിയൊന്നുമില്ലേ... "

"വല്ലപ്പോഴും കിട്ടും."

പരിചയക്കാരനോടാണ് സംസാരിച്ചതെങ്കിലും അത് അയാൾക്ക് അരോചകമായ് തോന്നി.ആശുപത്രിയിലെ കൗണ്ടറിലേക്ക് അയാൾ നടന്നു. കൗണ്ടറിനു മുന്നിലെ ക്യൂവിൽ നിന്നു. അയാളുടെ
അവസരമെത്തി.



പേര്

അശ്വിൻ

മിസ്റ്റർ സുമേഷിന്റെ മോനല്ലേ?

അതെ.

ഒരു ലക്ഷം രൂപ.

ദാ പൈസ കൗണ്ടറിലേക്ക് നീട്ടി അയാൾ ഐസി യു വിന്റെ മുന്നിലേക്ക് നടന്നു. കരഞ്ഞ് കണ്ണ് കലങ്ങിയ ഒരു സ്ത്രീ അയാളോട് ചോദിച്ചു .


"പൈസ അടച്ചോ? "


"ഉം "

നീണ്ട കാത്തിരിപ്പ്.അയാൾ വാതിലിനു പുറത്ത് കസേരയിൽ ഇരുന്നു.ഡോക്ടർമാർ ഐ സി യുവിന്റെ വാതിൽ തുറന്ന്

GHSS MALOTH KASBA

- മാഷൂട്ടൻ











# എല്ലാവരുടെയും ഇരയായിപ്പോയി

ഇന്നലത്തെ ക്ഷീണം അയാളെ വല്ലാതെ ക്ഷീണിപ്പിച്ചിരുന്നു, അതുകൊണ്ടാവാം അയാൾ ബോധമില്ലാത്തമില്ലാത്തവനെപ്പോലെ മയക്കത്തിൽ തന്നെ തുടർന്നുകൊണ്ടിരിക്കുന്നതെന്ന് വിചാരിച്ച് സായ അവളുടെ ജോലി ചെയ്ത് വീട്ടിലേക്ക് മടങ്ങാനൊരുങ്ങി. എന്നാൽ എന്തോ ഒരു കാര്യം അവളെ അവിടെ നിൽക്കാൻ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കുന്നതായി അവൾക്ക് തോന്നി. മാത്രമല്ല,പുറത്ത് നല്ല മഴയും. അവൾ മഴ കഴിയട്ടെ എന്ന് വിചാരിച്ച് അവിടെത്തന്നെ നിന്നു. അവൾ വെറുതെയിരിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. വെറുതെയിരിക്കുമ്പോഴൊക്കെ എന്തോ തെറ്റ് ചെയ്യുന്നതുപോലെയാണ് അവൾക്ക് അനുഭവപ്പെട്ടത്. അതിനാൽത്തന്നെ അവിടെയൊക്കെന്ന് മുഴുവനായി കാണാൻ അവൾ തീരുമാനിച്ചു. മഴ നന്നായി പെയ്യുകൊണ്ടേയിരുന്നു. അവൾ മുകളിലെ നിലയിലേക്കുള്ള കോണിപ്പടിക്കുനേരെ വേഗത്തിൽ നടന്നു. പിന്നെ സാവധാനത്തിൽ മുകളിലേക്കെത്തി.അവൾ എഴുന്നേറ്റോയെന്ന് നോക്കാനായി മുറിയിലേക്ക് അവൾ തിടുക്കത്തോടെ ചെന്നു. മുറിയുടെ വാതിൽ തുറന്നിട്ടിരിക്കുന്നു. അവൽ മുറിയിൽ കയറി നോക്കിയപ്പോൾ അയാൾ ഒരു മാസികയിൽ ലയിച്ചിരിക്കുകയായിരുന്നു. ' ഗുഡ് മോണിങ് സർ, സാറിന് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ എന്നോട് പറഞ്ഞാൽ ഞാൻ അതു ചെയ്തു തരാം' അയാൾ പെട്ടെന്ന് ഞെട്ടിത്തിരിഞ്ഞ് അവളെ നോക്കി പറഞ്ഞു. 'ഓ സായ നീയായിരുന്നോ, നീ പോയിക്കാണുമെന്ന് ഞാൻ കരുതി, ചായ ഇട്ടു തരാൻ ബുദ്ധിമുട്ടുണ്ടോ, ഇല്ലെങ്കിൽ പെട്ടെന്ന്. ' 'ഓ അതിനെന്താ' അവൾ അടുക്കളയിലേക്ക് ഉത്സാഹത്തോടെ നടന്നുപോയി. അയാൾ ആലോചനയിൽ മുഴുകിയിരുന്നു. പെട്ടെന്ന് ഇന്നലത്തെ സംഭവങ്ങൾ അയാളുടെ മനസ്സിലേക്ക് കടന്നു വന്നു. ആദ്യമായാണ് അയാൾ ഓഫീസിൽ നിന്ന് ലീവെടുത്തത്.അയാൾക്ക് നല്ല പനിയുണ്ടായിരുന്നു, അതിനാൽ തന്നെ ആശുപത്രിയിലേക്ക് അയാൾക്ക് പോയേ തീരൂ എന്ന അവസ്ഥ വന്നപ്പോൾ മാത്രമാണ്. അയാൾ അതിന് തയ്യാറായത്. ഡോക്ടറെ കാണിച്ച് വീട്ടിലേക്ക് പോകാൻ തുനിയുമ്പോൾ 'സർ ഒന്ന് നിൽക്കൂ 'എന്ന് പറഞ്ഞു കൊണ്ട് ഒരു പെൺകുട്ടി ഓടിവന്നു.'എന്താ? 'അയാൾ തിരിഞ്ഞ് നിന്ന് ക്ഷീണത്തോടെ ചോദിച്ചു. 'ഞാൻ മായ ഗുപ്ത, സാറിനെ കാണണമെന്ന് ഒരുപാട് നാളായി ഞാൻ വിചാരിക്കുന്നു.ഇപ്പഴാ സാധിച്ചത്,എന്തെന്നാൽ എനിക്ക് ഒരു കേസ് തരാനുണ്ട്.'. ജോലിയോടുള്ള കൂറ്അയാൾക്ക് മറച്ച് വെക്കാൻ ആയില്ല.'പറയൂ'. 'സർ,അത് സർ എന്റെ

കൂടെ ഒരു സ്ഥലം വരെ വരണം അത്യാവശ്യമാണ് '. 'ശരി ' വാ പോകാം. 'എങ്ങോട്ടാണെന്ന് പറയൂ '. 'എന്റെ വീട്ടിലേക്ക് '.'ഓ എന്നാൽ ശരി '.അവൾ ഡ്രൈവ് ചെയ്യാൻ തുടങ്ങി.അയാൾ മുൻസീറ്റിലിരുന്ന് ജിജ്ഞാസയോടെ ചോദിച്ചു. 'എന്റെ വീട്ടിൽ രണ്ട് മൂന്ന് ദിവസം മുമ്പ് ഒരു സ്ത്രീ വന്നു.അവർ എനിക്ക് ഒരു കത്ത് തന്നിരുന്നു. എന്നാൽ അതിൽ അഡ്രസോ എഴുത്തോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല.പിറ്റേ ദിവസം ആ സ്ത്രീ വന്ന് തയ്യാറാണോന്ന് ചോദിച്ചു. എന്നാൽ,ഞാൻ ഒന്നും മിണ്ടിയില്ല,'. 'ഇപ്പോൾ എല്ലാ ദിവസവും അവർ വരുന്നു എന്നോട് അതേ ചോദ്യം ചോദിക്കുന്നു '. 'ഇതാ എന്റെ വീട് '.അവൾ പറഞ്ഞ് നിർത്തി.എന്നിട്ട് അവർ ഇരുവരും ഇറങ്ങി വീട്ടിലേക്ക് നടന്നു.വീട്ടിലെത്തിയതും അവൾ ഇരിക്കാൻ പറഞ്ഞു.അയാൾ ഇരുന്നപ്പോൾ തോക്കെടുത്ത് അയാളെ ഷൂട്ട് ചെയ്തു.എന്നിട്ട് ഓടിമറഞ്ഞു.'പിന്നെ അയാൾക്ക് ബോധം തെളിഞ്ഞത് ഹോസ്പിറ്റലിൽ വെച്ചാണ് '.അവൾ ആരാണെന്നോ എന്താണെന്നോ അയാൾക്കറിയില്ല. പെട്ടെന്ന് അയാളുടെ ആലോചന മുറിച്ച് ചായ കൊണ്ട് സായ വന്നു.'സർ,സാറിനൊരു കത്തുണ്ട് '.'എന്താത് എവിടന്നാ'. 'അറിയില്ല,ഏതോരു മായ ഗുപ്തയാ അയച്ചിരിക്കുന്നത് .അയാൾ കത്ത് വാങ്ങി പൊട്ടിച്ച് വായിച്ചു.'സോറി സർ,എനിക്ക് ആള് മാറിപ്പോയി,കൊട്ടേഷനായിരുന്നു'എന്ന് പറഞ്ഞ് ആ കത്ത് അവസാനിപ്പിച്ചു.അയാൾ ക്ഷീണത്തോടെ തന്റെ ജോലിയുടെ ഭാഗമാണെന്ന് കരുതി ആശ്വസിച്ചു. കാരണം,ഇതിനുമുമ്പ് അയാൾക്ക് ഇതിലും വലിയ പ്രഹരം പലരിൽ നിന്നും കിട്ടിയിട്ടുള്ളതാണ്.അയാളുടെ കഥ ഇവിടെ തീരുകയാണ്.

ഫാത്തിമത്ത് നാഫിയ 9 എ




Ashwin Subhash X-B



Rithunand VIII A

GHSS MALOTH KASBA



# മാതൃസ്നേഹം

GHSS MALOTH KASBA

മധുരമേറുമാ സ്നേഹത്തിന്റെ
താലോലക്കെട്ടുകൾ തുറന്നു ഞാൻ
നീങ്ങവേ ലോകം മായാവർണ്ണങ്ങൾ
നീട്ടി വിളിക്കുന്നു ദൂരേ.....

അമ്മയുണ്ടെന്റെയൊപ്പം നൻമ്മവിളക്കായ്
വെളിച്ചം പകരുമീ വഴിവീഥിയിൽ ,
പുതുച്ചുവടുവെപ്പിനൊരുങ്ങുമീ ലോകം
ഓർക്കുകയെന്നതാണീ മന്ത്രണം

പ്രകാശമായ് ...........
കിരണമായ്.......
അത്യന്ത ദീപ്തിയായ്
തേജസ്സായുജ്ജ്വലിക്കുന്ന മീതെ,
നന്മപകരുമീ ജീവിതയാത്രയിൽ
അനുഗ്രഹമേവം ചൊരിഞ്ഞിടുക മാതേ

-മാഷൂട്ടൻ

# വീണ്ടും തനിച്ചായവൾ

ജീവിതത്തിൽ ഒറ്റപ്പെട്ടു എന്നു തോന്നിയ നിമിഷമാണ് സന്തോഷത്തിന്റെ വെളിച്ചമായി അവൻ വന്നത്.അച്ഛനും അമ്മയും സഹോദരങ്ങളും സുഹൃത്തുക്കളും ബന്ധുക്കളും , ആരുമില്ലാതെ അവൾ അശ്വതി.എന്നാൽ അവളെപ്പോലെത്തന്നെ ആരുമില്ലാത്ത ഒരാൾ കൂടി ഈ കഥയിലുണ്ട്,അവനാണ് സുധി.അവളുടെ ലേദനകളെല്ലാം അറിഞ്ഞപ്പോൾ അവൻ അവളുടെ അരികിൽ വന്നു.അവൾ അവനോട് ചോദിച്ചു:ആരാണു നീ? നിന്റെ പേരെന്താണ്?എന്റെ പേര് സുധി എന്നാണ്.അവൻ ചോദിച്ചു  നിന്റെ പേര് അശ്വതി എന്നല്ലേ.അതെ .നിനക്ക് എങ്ങനെയാണ് എന്റെ പേര് അറിയുന്നത്.എനിക്ക് നിന്നെക്കുറിച്ച് എല്ലാം തന്നെ അറിയാം . എങ്ങനെ? നിനക്ക് സ്വന്തമെന്ന് പറയാൻ ആരുമില്ലാ അല്ലേ? ഇല്ല എനിക്ക് ആരും ഇല്ല.ഞാൻ ഒരു അനാഥയാണ്.നമ്മൾക്ക് കൂട്ടായി നമ്മൾ മാത്രം.ഞാൻ മനസ്സിൽ വിചാരിക്കും ആരുമില്ലാതെ എന്തിനാണ് ഈ ലോകത്ത് ജീവിക്കുന്നത്?സുധി പറഞ്ഞു.ഇനിയൊരിക്കലും അങ്ങനെ വിചാരിക്കരുത്.കാരണം എനിക്ക് കൂട്ടായി നീയും,നിനക്ക് കൂട്ടായി ഞാനും ഉണ്ടാവും .ഇനി മുതൽ നല്ല സുഹൃത്തുക്കളായിരിക്കും.     ...... അവൾ മൂളി....സുധി തനിക്ക് എങ്ങനെയാണ് ഈ അവസ്ഥ വന്നത്?എന്റെ അച്ഛൻ

ഒരു പാർട്ടി പ്രവർത്തകനായിരുന്നു.അമ്മ ഒരു തയ്യൽക്കാരിയും.ഒരു ദിവസം ഞാനും എന്റെ അച്ഛനും അമ്മയും

GHSS MALOTH KASBA

സഹോദരനും കൂടി ഒരിടംവരെ പോവുകയായിരുന്നു.ആ സമയം അച്ഛൻ എതിർ പാർട്ടിക്കാരുമായി  ഒരു ചെറിയ പ്രശ്നത്തിലായിരുന്നു.അച്ഛൻ ആ പ്രശ്നം അത്ര വലിയ കാര്യമായി എടുത്തിരുന്നില്ല.എന്നാൽ എതിർ പാർട്ടിക്കാർ ആ പ്രശ്നം ഊതി വീർപ്പിച്ച് വലുതാക്കി.ഈ പ്രശ്നം ഇത്രയും ഗുരുതരമായിരിക്കുമെന്ന് അച്ഛൻ വിചാരിച്ചില്ല.ഞങ്ങൾ പോകുന്ന വഴി എതിർ പാർട്ടിക്കാർ തടഞ്ഞു.ആ വഴിയിൽ ആരുമുണ്ടായിരുന്നില്ല.അച്ഛൻ  വണ്ടിയിൽ നിന്നും പുറത്തിറങ്ങി.അവരോട് എന്തോ സംസാരിക്കുന്നത് കണ്ടു.പെട്ടെന്ന് അതിലൊരാൾ  വാളെടുത്ത് അച്ഛനെ വെട്ടി........

സുധി നീ കരയല്ലേ...അശ്വതി പറഞ്ഞു.....വിതുമ്പലോടെ  അവൻ വീണ്ടും  പറഞ്ഞു.എന്റെ  കൺമുൻപിൽ വച്ച് അവർ അച്ഛനേയും അമ്മയേയും അനിയനേയും  .......അശ്വതിക്ക് സുധി പറയുന്നത് കേട്ട്  കണ്ണിൽ നിനിന്നും വെള്ളം വന്നു.സുധി കരച്ചിൽ നിർത്തിയശേഷം അശ്വതിയോട് ചോദിച്ചു നിനക്കും സംഭവിച്ചതും ഇത് തന്നെയായിരിക്കും അല്ലേ?അവൾ ഒന്നും മിണ്ടിയില്ല,കാരണം അവൾ ആ സമയം അവൾക്ക് സംഭവിച്ചതും ഇങ്ങനെയുള്ള അവസ്ഥയാണ് എന്നോർത്ത് കൊണ്ട്

കരഞ്ഞുകൊണ്ടിരുന്നു.സുധി അവളെ ആശ്വസിപ്പിച്ചു.ഇനി നമ്മൾ കരയാൻ പാടില്ല. നമ്മളെ ഒറ്റപ്പെടുത്തിയവരുടെ മുമ്പിലും നമ്മളെ അനാഥരാണെന്ന് കളിയാക്കിയവരുടെ മുമ്പിലും ജീവിച്ച് കാണിക്കണം.അതിനുവേണ്ടി നമ്മൾ ഒരുമിച്ച്

GHSS MALOTH KASBA

പോരാടണം.സുധിയുടെ ഈ വാക്കുകൾ അശ്വതിക്ക് ഉണർവേകി.അവൾ ജീവിതം എന്താണെന്നും നല്ല സുഹൃത്ത്ബന്ധം എങ്ങനെയെന്നും മനസ്സിലാക്കി.

അവർ ഇരുവരും വളർന്നു വലുതായി.എന്നാൽ അവരുടെ സുഹൃത്ത് ബന്ധത്തിന് ഇതുവരേയും ഒരു കോട്ടവും സംഭവിച്ചില്ല.അവർ ഒരുമിച്ച് കളിച്ചു വളർന്നു.അശ്വതിയുടെ അമ്മ മരിക്കും മുമ്പ് അവളോട് പറഞ്ഞിരുന്നു നീ എങ്ങനെയെങ്കിലും പഠിച്ച് ഒരു നിലയിലെത്തണം.അപ്പോൾ നിനക്കുണ്ടാകുന്ന സന്തോഷം അമ്മ സ്വർഗത്തിലിരുന്ന് കാണും.മാത്രമല്ല അതിനായി നിന്നെ സഹായിക്കാൻ ഒരു വ്യക്തിയെ ദൈവം നിനക്ക് കാണിച്ചുതരും.അശ്വതി കഷ്ടപ്പെട്ട് പഠിച്ച് ഒരു നിലയിലെത്തി.അതേ സമയം സുധി മറ്റൊരു സ്ഥലത്ത് പഠിക്കുകയായിരുന്നു.അശ്വതിക്ക് ജോലി ലഭിച്ചു.എന്നാൽ സുധിയുടെ പഠിത്തം പൂർത്തിയായതേയുള്ളു.അശ്വതിക്ക് ജോലി കിട്ടിയ സമയം അവൾ ഓർത്തു അമ്മ മരിക്കും മുമ്പ് പറഞ്ഞകാര്യം.അവൾ മനസ്സിൽ പറഞ്ഞു ഇനി ഒരുപക്ഷേ്ത്യ

വ്യക്തി സുധിയായിരിക്കുമോ?ഏതായാലും ഈ സന്തോഷം സുധിയെ അറിയിക്കാം.അവൾ അവനെ ഫോണിൽ വിളിച്ചു ഹലോ, സുധി നാളെ നീ ഒന്ന് എറണാകുളത്ത് വരണം.സുധി അവളോട് ചോദിച്ചു  എന്താ  ആവശ്യം  ഒരു സന്തോഷമുണ്ട്.സന്തോഷമോ ?എന്താ അത് ?അതൊക്കെ  നീ

GHSS MALOTH KASBA

വന്നിട്ടു പറയാം.കാരണം ഈ സന്തോഷം ലഭിക്കാൻ കാരണമായത് നീയാണ്.ഞാനോ ?അതെ,എല്ലാം നീ വന്ന ശേഷം പറയാം.എത്രയും പെട്ടെന്ന് ഇവിടെ എത്താൻ നോക്ക് സുധി. ശരി,ഇന്ന് തന്നെ യാത്ര തിരിക്കാൻ നോക്കാം.അശ്വതി നോക്കിയാൽ പോര തീർച്ചയായും വരണം സുധി.ഓ ശരി.... ഇരുവരും ഫോൺ കോൾ കട്ടാക്കി.സുധി മനസ്സിൽ വിചാരിച്ചു എന്തായിരിക്കും അശ്വതിയുടെ ആ സന്തോഷം ഏതായാലും ഇന്നുതന്നെ യാത്ര തിരിക്കണം  .സുധി കൂട്ടുകാരോടൊക്കെ യാത്ര പറഞ്ഞിറങ്ങി.അശ്വതിക്ക് സുധിയെ കാണാനും അവനോട് സംസാരിക്കാനും തിടുക്കമായി.അവൾ സുധിയെ ഫോണിൽ വിളിച്ച് ശല്യപ്പെടുത്തിക്കൊണ്ടിരുന്നു.രാത്രിയായപ്പോൾ അശ്വതി പഴയ കാര്യങ്ങൾ ഓർത്തുകിടന്നു.അവൾ ഉറങ്ങിപ്പോയത് അവൾ പോലുമറിഞ്ഞില്ല.നേരം പുലർന്നു അവൾ എഴുന്നേറ്റപ്പോൾ സമയം ഏറെ വൈകിയിരുന്നു.

പെട്ടന്ന് അവൾക്ക് ഒരു കോൾ വന്നു.ആ കോൾ സുധിയുടേതായിരുന്നു എന്ന് അവൾ കരുതി. അവൾ ഫോണെടുത്തിട്ട് ചോദിച്ചു "സുധി നീ എവിടെയെത്തി?????" അവൾ ചോദിച്ചതിനുള്ള മറുപടിയായിരുന്നില്ല അവൾക്കു ലഭിച്ചത്."ഇത് എരണാകുളത്തുള്ള ഗവൺമെന്റ് ഹോസാപിറ്റലിൽ നിന്നാണ്."ഒരു ഞെട്ടലോടെ അശ്വതി ചോദിച്ചു"സുധി എന്തിയേ????? അവനെന്താ പറ്റിയേ??

നിങ്ങൾ എത്രയും വേഗം എരണാകുളത്തുള്ള ഗവ. ഹോസ്പ്പിറ്റലിൽ എത്തണം."

അവൾ ഫോൺ കട്ടാക്കിയശേഷം ഹോസ്പ്പിറ്റലിലേക്ക് പുറപ്പെട്ടു. അവൾ ഹോസ്പ്പിറ്റലിലേക്ക് ഓടി കയറി.അവൾ കരഞ്ഞുകൊണ്ട് സുധി എടെയെന്ന് അന്വേഷിച്ചു.ഒരു ഡോക്ടർ അടുത്തുവന്ന് അവളോട് പറഞ്ഞു "നിങ്ങടെ സുധിയെ ഞാൻ കാണിച്ചുതരാം."അശ്വതി ഡോക്ടറോട് ചോദിച്ചു"സുധിക്ക് എന്താ സംഭവിച്ചേ??ഡോക്ടർ പറഞ്ഞു "സുധി യാത്ര ചെയ്ത ബസ് മറഞ്ഞു അതിലുള്ള ചിലരെ മാത്രമേ ഞങ്ങൾക്കു രക്ഷിക്കാൻ കഴിഞ്ഞുള്ളൂ".അവൾ ചോദിച്ചു "അപ്പോ എന്റെ സുധി ..........." സോറി നിങ്ങളുടെ സുധിയെ രക്ഷിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല അതുകേട്ടപ്പോൾ ആ

ആശുപത്രിവരാന്തയിൽ അവൾ തളർന്നു വീണുപോയി.അവളുടെ കണ്ണിൽനിന്നും കുത്തിയൊഴുകുന്ന ജലം പോലെ കണ്ണുനീർവാർത്തു...............................................................

അവൾ അവസാനമായി കണ്ടത് മോർ-ച്ചറിയിൽ തണുത്തു മരവിച്ചു കിടക്കുന്ന സുധിയേയാണ്.അവളെ വീണ്ടും തനിച്ചാക്കി അവളുടെ അച്ഛനും അമ്മയുമെല്ലാം പോയ സ്ഥലത്തേക്ക് അവളുടെ ഉറ്റസുഹൃത്തായ സുധിയും പോയി.

അവൾ വീണ്ടും തനിച്ചായി.എങ്കിലും അവൾ ജീവിക്കുന്നു.ഒരുപാട് മരണങ്ങൾക്കു സാക്ഷിയായി..........

*************************

by
ELIZABETH
X-B

'വിരൽത്തുമ്പ്' എന്ന കലാസാഹിത്യസമാഹാരത്തിനായ് പ്രയത്നിച്ച എല്ലാവർക്കും ഹൃദയത്തിൻ നാദത്താൽ നന്ദിയേകുന്നു.മാഗസിനാകുന്ന വള്ളത്തിന്റെ അമരത്ത് നിന്ന് തുഴഞ്ഞ്,ലക്ഷ്യം സാധൂകരിക്കാൻ സഹായിച്ച ജോയ ടീച്ചർക്കും റെജി സാറിനും ഹൃദയപ്പൂർവം നന്ദിയേകുന്നു........

അതിലുമുപരിയായി ഈ മാഗസിന്റെ ജീവനും ശ്വാസവുമായി നിലകൊണ്ട എല്ലാ ക്ലബ് അംഗങ്ങൾക്കും വിദ്യാർത്ഥി സുഹൃത്തുകൾക്കും ഹൃദയത്തിന്റെ സ്വരത്തിൽ ഒന്നു മാത്രം.........നന്ദി......നന്ദി.........നന്ദി..........

with thanks

Editor

**LINOLD MATHEW**